2024
JANUARY
16
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കെ. ജെ ജോയി അന്തരിച്ചു



**ചെന്നൈ:** സംഗീച സംവിധായകൻ കെ. ജെ ജോയി(77) അന്തരിച്ചു. ഇന്നലെ പുലർച്ചയോടെ ചെന്നൈയിലെ വീട്ടിൽ വെച്ചായിരുന്നു അന്ത്യം. പക്ഷാഘാതത്തെ തുടർന്ന് ദീർഘനാളുകളായി ചികിൽസയിലായിരുന്നു. സംസ്ക്കാരം നാളെ ചെന്നൈയിൽ നടക്കും. തൃശൂർ നെല്ലിക്കുന്ന് സ്വദേശിയായ കെ.ജെ.ജോയ്, മലയാള ചലച്ചിത്ര ഗാനലോകത്തെ ആദ്യത്തെ 'ടെക്നോ മ്യുസിഷ്യൻ' എന്നാണ് അറിയപ്പെട്ടിരുന്നത്. കീബോർഡ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എഴുപതുകളിൽ ജോയി സിനിമയിൽ എത്തിച്ചിരുന്നു.ഇരുനൂറിലേറെ ചിത്രങ്ങൾക്ക് സംഗീത സംവിധാനം നിർവഹിച്ചിട്ടുണ്ട്. സംഗീത സംവിധായകൻ എം.എസ്.വിശ്വനാഥനൊപ്പം അക്കോഡിയൻ ആർട്ടിസ്റ്റായിട്ടായിരുന്നു തുടക്കം. കഴിവു തിരിച്ചറിഞ്ഞ എം.എസ്.വിശ്വനാഥൻ തന്നെയാണ് ജോയിയെ സംഗീത സംവിധാന രംഗത്തെത്തിച്ചത്.1975 ൽ 'ലൗ ലെറ്റർ' എന്ന ചിത്രത്തിലൂടെയാണ് ജോയ് മലയാള സിനിമയിൽ അരങ്ങേറ്റം കുറിച്ചത്.  ഇവനെന്റെ പ്രിയപുത്രൻ, ചന്ദനച്ചോല, ആരാധന, സ്നേഹയമുന, മുക്കുവനെ സ്നേഹിച്ച ഭൂതം, ലിസ മദാലസ, സായൂജ്യം, ഇതാ ഒരു തീരം, അനുപല്ലവി, സർപ്പം, ശക്തി, ഹൃദയം പാടുന്നു, ചന്ദ്രഹാസം, മനുഷ്യമൃഗം, കരിമ്പൂച്ച എന്നിങ്ങനെ ഇരുനൂറിലേറെ സിനിമകൾക്കു ജോയ് സംഗീതമൊരുക്കി. കെ.ജെ.ജോയിയുടെ 77ാം ജന്മദിനത്തിൽ, അദ്ദേഹം സംഗീത സംവിധാനം ചെയ്ത പാട്ടുകൾ പാടി 'പാട്ടുപീടിക' എന്ന സംഗീത കൂട്ടായ്മ ആദരമർപ്പിച്ചിരുന്നു. ഈ പരിപാടിയിൽ ജോയ് പങ്കെടുത്തിരുന്നു. ദേവരാജൻ, ബാബുരാജ്, ദക്ഷിണാമൂർത്തി തുടങ്ങിയ മഹാരഥന്മാർ നിറഞ്ഞുനിന്ന കാലത്തുതന്നെ പാശ്ചാത്യ ശൈലിയിലുള്ള മെലഡികളും ചടുലഗാനങ്ങളുമായി ജോയ് ചലച്ചിത്ര ഗാല ലേകത്ത് തന്റേതായ ഇടം കണ്ടെത്തി. രണ്ടു പതിറ്റാണ്ടിനിടെ 75 ചിത്രങ്ങളിലായി ഇരുനൂറ്റിയൻപതോളം ഗാനങ്ങളാണ് ജോയിയുടെ സംഗീത സംവിധാനത്തിൽ പുറത്തിറങ്ങിയത്. ഇന്നും ജനപ്രിയഗാനമായി നിൽക്കുന്ന കാലിത്തൊഴുത്തിൽ പിറന്നവനേ എന്ന ഗാനവും ജോയിയുടെ സംഗീത സംവിധാനത്തിൽ പിറന്നതാണ്.94 ൽ പുറത്തിറങ്ങിയ ദാദ യായിരുന്നു ജോയി സംഗീത സംവിധാനം നിർവ്വഹിച്ച അവകാന ചിത്രം.

### റഷ്യൻ പ്രസിഡന്റ് പുടിനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിച്ചു

# റോഡ് മാപ്പ് വികസിപ്പിക്കും

**ന്യൂഡൽഹി:** വിശേഷാധികാരമുള്ള തന്ത്രപരമായ ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് റോഡ്മാപ്പ് വികസിപ്പിക്കാൻ ഇന്ത്യയുടെ രക്ഷ്യയും തമ്മിൽ ധാരണയിൽ എത്തി. റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമർ പുടിനും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോഡിയും തമ്മിൽ ഫോണിൽ നടത്തിയ ചർച്ചയിലാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്. ഇരു രാജ്യങ്ങളും തമ്മിൽ സമീപകാലങ്ങളിൽ നടന്ന ഉന്നതതല ചർച്ചകളുടെ തുടർനടപടികളായി ഉഭയകക്ഷി സഹകരണവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങളിലെ പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്തു. തുടർന്നാണ് ഉഭയകക്ഷി ബന്ധങ്ങളിലെ സംഭവവികാസങ്ങളെ അവർ ക്രിയാത്മകമായി വിലയിരുത്തി ഇന്ത്യയും റഷ്യയും തമ്മിലുള്ള പ്രത്യേക, വിശേഷാധികാരമുള്ള, തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഭാവി സംരംഭങ്ങൾക്കായി ഒരു റോഡ്മാപ്പ് വികസിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തത്.പരസ്പര താൽപ്പര്യമുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും അവർ കൈമാറി. 2024ലെ റഷ്യയുടെ ബ്രിക്സിന്റെ അധ്യക്ഷ സ്ഥാനത്തിന് പ്രധാനമന്ത്രി ആശംസകൾ അറിയിക്കുകയും ഇന്ത്യയുടെ പൂർണ പിന്തുണ ഉറപ്പ് നൽകുകയും ചെയ്തു. ബന്ധം തുടരാനും ഇരു നേതാക്കളും സമ്മതിച്ചു.



### രണ്ടു ദിവസത്തെ കേരള സന്ദർശനം:

## പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൊച്ചിൽ

**കൊച്ചി:** രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൊച്ചിയിൽ എത്തു.ഇന്ന് വൈകിട്ടോടെ നെടുമ്പാശേരിയിൽ എത്തുന്ന പ്രധാനമന്ത്രി അവിടെ നിന്നും ഹെലികോപ്റ്ററിൽ കൊച്ചി നാവിക സേനാ വിമാനത്താവളത്തിൽ എത്തും. തുടർന്ന് എറണാകുളത്ത് മോദി റോഡ് ഷോ നടത്തും.എം ജി റോഡിൽ കെ പി സി സി ജങ്ഷനിൽ നിന്ന് ആരംഭിച്ച് ആശുപത്രി റോഡ് വഴി ഗസ്റ്റ് ഹൗസിന് മുന്നിൽ സമാപിക്കും. ഇന്ന് രാത്രിയിൽ എറണാകുളത്ത് തങ്ങ്ുന്ന പ്രധാനമന്ത്രി നാളെ രാവിലെ 6.30ന് ഹെലികോപ്റ്ററിൽ ഗുരുവായൂരിലേക്ക് പോകും. ക്ഷേത്രദർശനത്തിന് ശേഷം നടനും ബി ജെ പി നേതാവുമായ സുരേഷ് ഗോപിയുടെ മകളുടെ വിവാഹത്തിൽ പങ്കെടുക്കും. തുടർന്ന് തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തും.ഇതിനു ശേഷം എറണാകുളത്ത് തിരിച്ചെത്തുന്ന പ്രധാനമന്ത്രി കൊച്ചിയിൽ 4000 കോടിയിലധികം രൂപയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിലെ (സിഎസ്എൽ) പുതിയ ഡൈ ഡോക്ക് (എൻഡിഡി); കപ്പൽ അറ്റകുറ്റപ്പണിക്കായുള്ള സിഎസ്എലിന്റെ അന്താരാഷ്ട്ര കേന്ദ്രം, കൊച്ചി പുതുവൈപ്പിനിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ എൽപിജി ഇറക്കുമതി ടെർമിനൽ എന്നിവയാണ് ഉദ്ഘാടനം ചെയ്യുന്നത്.ഇന്ത്യയുടെ തുറമുഖ , കപ്പൽവ്യാപാര ജലപാതാ മേഖലകളെ പരിവർത്തനം ചെയ്യാനും കാര്യശേഷിയും സ്വയംപര്യാപ്തതയും വളർത്തിയെടുക്കാൻ സഹായിക്കുന്നതാണ് ഈ പ്രധാന അടിസ്ഥാനസൗകര്യ പദ്ധതികൾ. കൊച്ചിയിൽ സിഎസ് എല്ലിന്റെ നിലവിലെ സ്ഥലത്ത് ഏകദേശം 1800 കോടി രൂപ ചെലവിൽ നിർമിച്ച പുതിയ ഡ്രൈ ഡോക്ക്, നവഇന്ത്യയുടെ എൻജിനിയറിങ് വൈദഗ്ധ്യം പ്രതിഫലിപ്പിക്കുന്ന പ്രധാന പദ്ധതിയാണ്. ഏകദേശം 970 കോടി രൂപ ചെലവിൽ നിർമ്മിച്ച കപ്പൽ അറ്റകുറ്റപ്പണിക്കായുള്ള അന്താരാഷ്ട്ര കേന്ദ്രം (ഐഎസ്ആർഎഫ്) പദ്ധതി തനതു സവിശേഷതകളുള്ള ഒന്നാണ്. കൊച്ചി പുതുവൈപ്പിനിൽ 1236 കോടി രൂപ ചെലവിൽ നിർമിച്ച ഇന്ത്യൻ ഓയിലിന്റെ എൽപിജി ഇറക്കുമതി ടെർമിനൽ അത്യാധുനിക സൗകര്യങ്ങളുള്ളതാണ്. 15,400 മെട്രിക് ടൺ സംഭരണശേഷിയുള്ള ടെർമിനൽ മേഖലയിലെ ദശലക്ഷക്കണക്കിനു വീടുകളിലും വ്യവസായങ്ങൾക്കും എൽപിജിയുടെ സ്ഥിരമായ വിതരണം ഉറപ്പാക്കും. ഏവർക്കും പ്രാപ്യവും താങ്ങാനാകുന്നതുമായ ഊർജം ഉറപ്പാക്കുന്നതിനുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക് ഈ പദ്ധതി കൂടുതൽ കരുത്തേകും. പദ്ധതികളുടെ ഉദ്ഘാടനത്തിനു ശേഷം മറൈൻ ഡ്രൈവിൽ ബി ജെ പി പ്രവർത്തകരുടെ യോഗത്തിൽ പങ്കെടുക്കും. തുടർന്ന് നെടുമ്പാശേരി വിമാനത്താവളത്തിലെത്തി അവിടെ നിന്നും ഡൽഹിക്ക് മടങ്ങും.





# സംവിധാന രംഗത്തേക്ക് അൻപറിവ് മാസ്റ്റേഴ്സ്: ഹീറോയായി ഉലക നായകൻ




തെന്നിന്ത്യൻ സിനിമയിലെ പ്രശസ്ത സ്റ്റണ്ട് മാസ്റ്റേഴായ അൻപറിവ് സംവിധായകരാവുന്നു. കമൽ ഹാസനാണ് ചിത്രത്തിൽ നായകനാവുന്നത്. രാജ് കമൽ ഫിലിംസിൻറെ ബാനറിൽ കമൽ ഹാസനും മഹേന്ദ്രനും ചേർന്നാണ് ചിത്രത്തിന്റെ നിർമ്മാണം. കമൽ ഹാസൻ തന്നെയാണ് വിവരം എക്സിലൂടെ പങ്കുവെച്ചത്. ഒടുവിൽ പുറത്തു വന്ന കമൽ ഹാസൻ ചിത്രം വിക്രത്തിലെ സംഘട്ടന രംഗങ്ങൾ ഒരുക്കിയതും ഇരട്ട സഹോദരങ്ങളായ അൻപറിവായിരുന്നു. 2012 മലയാള ചിത്രം ബാച്ചിലർ പാർട്ടിയിലൂടെ സ്റ്റണ്ട് കൊറിയോഗ്രഫി ആരംഭിച്ച അൻപറിവ് കെ.ജി.എഫ്, കൈതി, ഡോക്ടർ, ബീസ്റ്റ്, ലിയോ, ആർ.ഡി.എക്സ്, സലാർ എന്നീ ചിത്രങ്ങളിലൂടെ തെന്നിന്ത്യയിലെ തന്നെ മുൻനിര സ്റ്റണ്ട് മാസ്റ്റേഴ്സായിരുന്നു. പ്രഭാസ് ചിത്രം കൽക്കി 2829, കമൽ ഹാസൻ ചിത്രങ്ങളായ ഇന്ത്യൻ 2, തഗ് ലൈഫ്, രജിനികാന്ത് ചിത്രം വേട്ടയൻ, രാം ചരൺ ചിത്രം ഗെയിം ചെയ്ഞ്ചർ എന്നിവയാണ് അൻപറിവ് മാസ്റ്റേഴ്സിൻറെ പുതിയ പ്രൊജക്ടുകൾ. പി ആർ ഓ പ്രതീഷ് ശേഖർ.

# ‘ഹത്തനെ ഉദയ ‘തുടങ്ങി

കാസർകോഡ് തൃക്കരിപ്പൂർ നാടക കലാകാരന്മാരുടെ കൂട്ടായ്മയിൽ ഒരുങ്ങുന്ന ചിത്രമാണ് ‘ഹത്തനെ ഉദയ ‘.നാട്യധർമ്മി ക്രിയേഷൻസിന്റെ ബാനറിൽകുഞ്ഞിരാമ പണിക്കർ കഥ തിരക്കഥ സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന ‘ഹത്തനെ ഉദയ ‘ എന്ന ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മം തൃക്കരിപ്പൂർ സി ച്ച് മുഹമ്മദ് കോയ സ്മാരക ടൗൺ ഹാളിൽ വെച്ച് നടന്നു.ടി ഐ മധുസൂദനൻ എംഎൽഎ ടൈറ്റിൽ പ്രകാശനവും സ്വിച്ചോൺ കർമ്മവും നിർവഹിച്ചു.തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി കെ ബാവ മുഖ്യാതിഥി ആയിരുന്നു.വടക്കേ മലബാറിലെ പൗരാണികമായ നേർക്കാഴ്ചകളുടെ പശ്ചാത്തലത്തിൽ ദൃശ്യവൽക്കരിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം മുഹമ്മദ് എ നിർവഹിക്കുന്നു.വൈശാഖ് സുഗുണൻ എഴുതിയ വരികൾക്ക് എ ബി സാമുവൽ സംഗീതം പകരുന്നു.എഡിറ്റർബിനു നെപ്പോളിയൻ,പ്രൊഡക്ഷൻ കൺട്രോളർഎൽദോ സെൽവരാജ്,പ്രൊഡക്ഷൻ ഡിസൈനർകൃഷ്ണൻ കോളിച്ചാൽ,ആർട്ട് ഡയറക്ടർ അഖിൽ,മേക്കപ്പ്രജീഷ് ആർ പൊതാവൂർ, വസ്ത്രാലങ്കാരംഅരവിന്ദ് കെ ആർ,സ്റ്റിൽസ് ഷിബി ശിവദാസ്, ചീഫ് അസോസിയേറ്റ് ഡയറക്ടർറജിൽ കൈസി,സംവിധാന സഹായികൾരഞ്ജിത്ത് മഠത്തിൽ,ലെനിൻ ഗോപിൻ, നിവിൻ നാലപ്പാടൻ,അഭിഷേക് കെ ലക്ഷ്മണൻ,ആക്ഷൻഅഷറഫ് ഗുരുക്കൾ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്മൺസൂർ വെട്ടത്തൂർ,പ്രൊഡക്ഷൻ മാനേജർനസ്രുദ്ദീൻ,പി ആർ ഒ എ എസ് ദിനേശ്.




# ആനന്ദപുരം ഡയറീസ്‘ഫസ്റ്റ് ലുക്ക് പോസ്റ്റർ

മലയാള സിനിമയിൽ അഭിനയത്തിന്റെ നാല്പതാം വർഷം ആഘോഷിക്കുന്ന പ്രശസ്ത താരം മീന കേന്ദ്ര കഥാപാത്രമാകുന്ന‘ആനന്ദപുരം ഡയറീസ് ‘എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ നടൻ മോഹൻ ലാൽ സോഷ്യൽ മീഡിയ പേജിലൂടെ റിലീസ് ചെയ്തു.




കോളേജ് പശ്ചാത്തലത്തിൽ കുടുംബ ബന്ധങ്ങളുടെ കഥ പറയുന്ന ഈ ചിത്രത്തിൽ മീന കോളേജ് വിദ്യാർത്ഥിനിയായും വക്കീലായും വേഷമിടുന്നു.ജയ ജോസ് രാജ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽമനോജ് കെ ജയൻ, ശ്രീകാന്ത് സിദ്ധാർത്ഥ് ശിവ,സുധീർ കരമന,ജാഫർ ഇടുക്കി,അഡാർ ലവ് ഫെയിം റോഷൻ റഹൂഫ്,ജയകുമാർ, ജയരാജ് കോഴിക്കോട്,രാജേഷ് അഴീക്കോടൻ,അഭിഷേക്,അഖിൽ,സൂരജ് തേലക്കര,ശിഖ സന്തോഷ്,മീര നായർ,മാല പാർവ്വതി,ദേവീക ഗോപാൽ നായർ,രമ്യ സുരേഷ്,അഞ്ജന സാജൻ,ഗംഗ മീര,ആർജെ അഞ്ജലി,വൃദ്ധി വിശാൽ,അഞ്ജു മേരി,കുട്ടി അഖിൽ(കോമഡി സ്റ്റാർസ്) തുടങ്ങിയ പ്രമുഖ താരങ്ങൾ അഭിനയിക്കുന്നു.നീൽ പ്രൊഡക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽശശി ഗോപാലൻ നായർ കഥയെഴുതി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സജിത്ത് പുരുഷൻ നിർവ്വഹിക്കുന്നു.

റഫീഖ് അഹമ്മദ്,മനു മഞ്ജിത് എന്നിവരുടെ വരികൾക്ക് ഷാൻ റഹ്മാൻ, ആൽബർട്ട് വിജയൻ,ജാക്സൺ വിജയൻ എന്നിവർ സംഗീതം പകരുന്നു.എഡിറ്റർഅപ്പു ഭട്ടതിരി,ഷൈജാസ് കെ എം,പ്രൊജക്ട് ഡിസൈനർനാസ്സർ എം,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസത്യകുമാർ,പി ശശികല,പ്രൊഡക്ഷൻ കൺട്രോളർവിനോദ് മംഗലത്ത്,കലസാബു മോഹൻ, മേക്കപ്പ്സജി കൊരട്ടി,സനൂപ് രാജ്,വസ്ത്രാലങ്കാരംഫെമിന ജബ്ബാർ,സ്റ്റിൽസ്അജി മസ്ക്കറ്റ്,പരസ്യക്കലകോളിൻസ് ലിയോഫിൽ, കൊറിയോഗ്രാഫിബാബ ഭാസ്കർ സ്പ്രിംഗ്,ചീഫ് അസോസിയേറ്റ് ഡയറക്ടർ ഉമേശ് അംബുജേന്ദ്രൻ, അസോസിയേറ്റ് ഡയറക്ടർകിരൺ എസ് മഞ്ചാടി,അസിസ്റ്റന്റ് ഡയറക്ടർവിഷ്ണു വിജയൻ ഇന്ദിര,അഭിഷേക് ശശിധരൻ,മിനി ഡേവിസ്,വിഷ്ണു ദേവ് എം ജെ, ശരത് കുമാർ എസ്, ചീഫ് അസോസിയേറ്റ് ക്യാമറമാൻക്ലിന്റോ ആന്റണി,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് മോഹൻദാസ് എം ആർ, പ്രൊഡക്ഷൻ മാനേജർജസ്റ്റിൻ കൊല്ലം,അസ്ലാം പുല്ലേപ്പടി,ലോക്കേഷൻ മാനേജർ വന്ദന ഷാജു.പി ആർ ഒഎ എസ് ദിനേശ്.

# ‘രാജാസാബ്’: ഫസ്റ്റ് ലുക്ക് പോസ്റ്റർ

പൊങ്കൽ, സംക്രാന്തി ഉത്സവദിവസത്തിൽ പ്രഭാസിന്റെ പുതിയ ചിത്രം രാജാസാബിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. ചിത്രത്തിന്റെ സംവിധാനം നിർവഹിക്കുന്നത് മാരുതിയാണ്. പീപ്പിൾ മീഡിയ ഫാക്ടറിയുടെ ബാനറിൽ നിർമ്മാണം ടി.ജി.വിശ്വപ്രസാദ് നിർവഹിക്കുന്നു. വിവേക് കുച്ചിബോട്‌ലയാണ് ചിത്രത്തിന്റെ സഹനിർമ്മാണം. തമൻ എസ് ആണ് സംഗീത സംവിധായകൻ. രാജാസാബ് ചിത്രത്തിനെക്കുറിച്ച് മാരുതി പറഞ്ഞത് ഇപ്രകാരമാണ് ‘രാജാ സാബ്‘ ഇന്നുവരെയുള്ള എന്റെ ഏറ്റവും വലിയ പ്രോജക്റ്റുകളിൽ ഒന്നാണ്. പ്രഭാസുമായും പീപ്പിൾ മീഡിയ ഫാക്ടറിയുമായും സഹകരിക്കുന്നത് ഒരു ചലച്ചിത്രകാരൻ എന്ന നിലയിൽ എനിക്ക് അഭിമാനവും ആവേശവുമാണ്. ഞങ്ങളുടെ പ്രേക്ഷകർക്ക് ഒരു ഗംഭീരമായ ഹൊറർ അനുഭവം നൽകാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങളുടെ ഹൊറർ ആഖ്യാനത്തിൽ പ്രഭാസിന്റെ ഇലക്ട്രിഫൈയിംഗ് സ്ക്രീൻ സാന്നിധ്യം പ്രേക്ഷകരെ അമ്പരപ്പിക്കുമെന്ന് ഉറപ്പാണ്. നിർമ്മാതാവായ ടിജി വിശ്വ പ്രസാദ് ചിത്രത്തിനെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ് ‘ഞങ്ങളുടെ വരാനിരിക്കുന്ന റൊമാന്റിക് ഹൊറർ എന്റർടെയ്നറായ ’ദി രാജാ സാബിൽ പ്രഭാസിനെ ഉൾപ്പെടുത്തിയതിൽ ഞങ്ങൾ ത്രില്ലിലാണ്. ഒരു അഭിനേതാവ് എന്ന നിലയിൽ മികച്ച ശ്രേണിയിൽ പ്രേക്ഷകർ ഇഷ്ടപ്പെടുന്ന ഒരു ഇന്ത്യൻ താരമാണ് അദ്ദേഹം, ആ കഥാപാത്രത്തിന് ഏറ്റവും അനുയോജ്യനാണ് അദ്ദേഹം എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പ്രേക്ഷകർ ഏറെ നാളായി കൊതിച്ച മാസ്സിയും വിന്റേജ് ലുക്കിലും അദ്ദേഹത്തെ കാണുമെന്ന് പ്രതീക്ഷിക്കാം. മാരുതിയുടെ ചലച്ചിത്രനിർമ്മാണ മികവിനൊപ്പം, ഈ യാത്ര ആരംഭിക്കാൻ ഞങ്ങൾ ശരിക്കും കാത്തിരിക്കുകയാണ്.തെലുങ്ക്, തമിഴ്, കന്നഡ, മലയാളം, ഹിന്ദി ഭാഷകളിലാണ് രാജാസാബ് റിലീസ് ചെയ്യുന്നത്. പി ആർ ഓ പ്രതീഷ് ശേഖർ.



# ശ്രീശങ്കര സൽസംഗസമിതി വാർഷികാഘോഷം നടത്തി



**കൊച്ചി:** എളമക്കര ശ്രീശങ്കര സൽസംഗസമിതിയുടെ എട്ടാമത് വാർഷികാഘോഷവും കുടുംബ സംഗമവും നടന്നു. പുന്നയ്ക്കൽ എൻ.എസ്.എസ് കരയോഗം ഹാളിൽ നടന്ന സമ്മേളനത്തിൽ വൈറ്റില,രാമകൃഷ്ണമഠം അധ്യക്ഷൻ സ്വാമി ഭുവനാത്മാനന്ദജി വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. സനാതന ധർമ്മത്തിന്റെ അടിസ്ഥാനമായ നിലനിൽപ്പിനും സംരക്ഷണത്തിനും സ്വാമി വവേകാനന്ദന്റെ ഉൽബോധനങ്ങൾക്ക് ഇന്നും പ്രസക്തിയു് എന്ന് സ്വാമി ഭുവനാത്മനന്ദജി ഉത്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കേരള ഹൈക്കോടതി റിട്ട.ജസ്റ്റിസ് ആർ. ഭാസ്കരൻ അധ്യക്ഷത വഹിച്ചു . ജ്ഞാനപ്പാന ,നാരായണീയം,ഭഗവത്ഗീത എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്കായി സമിതിയുടെ നേതൃത്വത്തിൽ നടത്തിയ വിവിധ മൽസരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം നടന്നു. തുടർന്ന് സനാതന ധർമ്മം നേരിടുന്ന വെല്ലുവിളികൾപരിഹാരമാർഗ്ഗങ്ങൾ എന്ന വിഷയത്തിൽ വിവിധ സംഘടനാ നേതാക്കൾ ചർച്ച നടത്തി. സൽസംഗസമിതി പ്രസിഡന്റ് കമാൻഡർ കെ.സി മോഹൻപിള്ള, ജനറൽ സെക്രട്ടറി ആർ രാജേഷഷ്, പി.വി അതികായൻ, വി ശ്രീകമാർ, വൈസ് പ്രസിഡ് ബി.എസ്. സനൽ കുമാർ, ജോ. സെക്രട്ടറി കെ .കെ ഹരിദാസൻ നായർ, ഡോ വി . മനോരഞ്ജ്ജിനി, വിദ്യാമോൾ പി.ടി, പിബി രാജീവൻ, എം ബി സുരേന്ദ്രൻ എന്നിവർ പ്രംസഗിച്ചു.

## മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് താൽക്കാലിക നിയമനം

കൊച്ചി: മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന വിമുക്തിഡി അഡിഷൻ സെന്ററിൽ മെഡിക്കൽ ഓഫീസർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികയിൽ നിലവിലുള്ള ഓരോ ഒഴിവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. എം. ബി. ബി. എസ് അല്ലെങ്കിൽ തുല്യ യോഗ്യത/ സൈക്കാട്രിയിൽ പി. ജി തുടങ്ങിയ യോഗ്യതയുള്ളവർക്ക് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് അപേക്ഷിക്കാം. 18 നും 45നും ഇടയിൽ പ്രായമുള്ളവർ ആയിരിക്കണം.ക്ലിനിക്കൽ സൈക്കോളജി തസ്തികയിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ ക്ലിനിക്കൽ സൈക്കോളജിയിൽ എംഫിൽ അല്ലെങ്കിൽ ഏതെങ്കിലും ആർ.സി.ഐ അംഗീകാരമുള്ള യൂണിവേഴ്സിറ്റി/ കോളേജ്/ കേന്ദ്രസർക്കാരിന്റെയോ കേരള സർക്കാരിന്റെയോ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂഷൻ/യു.ജി.സി അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്നോ രു വർഷത്തെ കോഴ്സ് പൂർത്തിയായിരിക്കണം. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ രജിസ്റ്റേർഡ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആയിരിക്കണം.18 നും 45നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.താല്പര്യമുള്ളവർ ജനുവരി 17ന് രാവിലെ 11ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറിന്റെ ചേംമ്പറിൽ നടക്കുന്ന അഭിമുഖത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി പങ്കെടുക്കേണ്ടതാണ്. ഫോൺ : 0484 2360802

## ഹാൻഡ് ഹോൾഡ് സപ്പോർട്ടിങ് സ്റ്റാഫ് നിയമനം

**കൊച്ചി:** എറണാകുളം ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ കൊച്ചി സ്മാർട്ട്മിഷൻ ലിമിറ്റഡ് ( സി.സി.എം.എൽ)ഫ് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഇ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഹാൻഡ് ഹോൾഡ് സപ്പോർട്ടിങ് സ്റ്റാഫ് തസ്തികയിലേക്ക് നിയമനം നടത്തുന്നു. കരാർ അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് താത്കാലികമായാണ് നിയമനം.ഇലക്ട്രോണിക്സ് അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസിൽ മൂന്നു വർഷത്തെ ഡിപ്ലോമ. ഹാർഡ്‌വെയർ ആന്റ് നെറ്റ്‌വർക്കിങ്ങിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം. ആശുപത്രി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ആന്റ് ഇംപ്ലിമെന്റേഷനിൽ പ്രവൃത്തി പരിചയം തുടങ്ങിയ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. 10000 രൂപ മാസവേതനം ലഭിക്കും.താല്പര്യമുള്ളവർ ജനുവരി 22 രാവിലെ 11ന് ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി പങ്കെടുക്കേണ്ടതാണ്. രാവിലെ 10 ന് ഹാജരാക്കേതാണ് 11.30 ന് ശേഷം ലഭിക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല. വിശദ വിവരങ്ങൾക്ക് ഫോൺ : 9495981772

### എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡ് നവീകരണം

# ഫെബ്രുവരി ആദ്യവാരത്തിൽ നടത്തും: മന്ത്രി പി രാജീവ്



കൊച്ചി : എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് ആധുനികീകരിക്കുന്നതിന്റെ ഭാഗമായി വൈറ്റില മോഡൽ മൊബിലിറ്റി ഹബ്ബ് നിർമ്മാണം ഫെബ്രുവരി ആദ്യവാരത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചതായി വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. കെഎസ്ആർടിസി ബസ് സ്റ്റാൻഡ് പരിസരവും സന്ദർശിച്ച ശേഷം ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.കേരളത്തിന്റെയും എറണാകുളം ജില്ലയുടെയും പ്രധാനപ്പെട്ട ആവശ്യങ്ങളൊന്നായ കെഎസ്ആർടിസി ബസ് സ്റ്റാൻഡ് നവീകരണ പ്രവർത്തനങ്ങൾ പ്രായോഗികമായ തടസ്സങ്ങൾ മൂലമാണ് നീണ്ടുപോയത്. പ്രായോഗിക തടസ്സങ്ങൾ മാറ്റി നവീകരണ പ്രവർത്തനങ്ങൾ വേഗത്തിൽ ആക്കുന്നതിന്റെ ഭാഗമായാണ് സ്ഥല പരിശോധന നടത്തിയത്.എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ നിർദ്ദിഷ്ട സ്ഥലം വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റിക്ക് ഉടമസ്ഥാവകാശമില്ലാതെ, കൈവശാവകാശത്തോടെ നൽകും. ഫുട്പാത്ത് ഭൂമി കെ.എസ്.ആർ.ടി.സി വിട്ടു നൽകും. ബുധനാഴ്ച (ജനുവരി 17 ) കെഎസ്ആർടിസി മൊബിലിറ്റി ഹബിന് സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മണ്ണ് പരിശോധന ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് 20 ദിവസത്തിനുള്ളിൽ ഡി പി ആർ തയ്യാറാക്കും. തുടർന്ന് ജനുവരി 29ന് തിരുവനന്തപുരത്ത് വച്ച് ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ എം ഒ യു ഒപ്പിടുമെന്നും മന്ത്രി പറഞ്ഞു.കാരിക്കാമുറിയിലെ ഭൂമിയിൽ കെ.എസ്.ആർ.ടി.സി. ബസുകൾക്കും സ്വകാര്യ ബസുകൾക്കും കയറാൻ കഴിയുന്ന മൊബിലിറ്റി ഹബ്ബിന്റെ അതേ മാതൃകയിലുള്ള കെട്ടിടം നിർമിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നിർമാണച്ചുമതല.സ്മാർട്ട് സിറ്റി ബോർഡിന്റെ 12 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളാണ് കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ നടപ്പിലാക്കുന്നത്. പുതിയ സ്റ്റാൻഡിൽ ബസ് ഷെൽട്ടർ, യാത്രക്കാർക്ക് ബസ് കാത്തിരിക്കുന്നതിനുള്ള സൗകര്യം, ടോയ്‌ലറ്റ് തുടങ്ങിയവയും ഒരുക്കും. സ്വകാര്യ കെഎസ്ആർടിസി ബസുകൾക്ക് വന്ന് പോകുന്നതിനുള്ള സംവിധാനം ഒരുക്കും.കൊച്ചി നഗരത്തിന് കെ.എസ്.ആർ.ടി.സി.യുടെയും സ്വകാര്യ ബസുകളുടെയും രണ്ട് ഹബ്ബുകൾ സ്വന്തമാകും. കരിക്കാമുറിയിലെ സ്ഥലത്ത് ഹബ്ബ് വരുമ്പോൾ അതിനോടു ചേർന്നുതന്നെയാണ് സൗത്ത് റെയിൽവേ സ്റ്റേഷനും എറണാകുളം സൗത്ത് മെട്രോ സ്റ്റേഷനുമെന്ന സൗകര്യം യാത്രക്കാർക്ക് ഏറെ പ്രയോജനകരമാകുമെന്നും മന്ത്രി പറഞ്ഞു.കളക്ടറുടെ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗത്തിൽ ഹൈബി ഈഡൻ എം പി, ടി ജെ വിനോദ് എംഎൽഎ, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽകുമാർ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ജില്ലാ വികസന കമ്മീഷണർ എം എസ് മാധവിക്കുട്ടി. കെ എസ് ആർ ടി സി മാനേജിംഗ് ഡയറക്ടർ ബിജു പ്രഭാകർ, സ്മാർട്ട് സിറ്റി സിഇഒ ഷാജി വി നായർ തുടങ്ങിയവർ പങ്കെടുത്തു.

## വേമ്പനാട്ട് കായൽ വികസന അതോറിറ്റി രൂപീകരിക്കണം

**കൊച്ചി:** വേമ്പനാട്ട് കായലിന്റെ സംരക്ഷണത്തിനായി ഒറീസയിലെ ചിലിക്ക കായൽ വികസന അതോറിറ്റിയുടെ മാതൃകയിൽ വേമ്പനാട്ട് കായൽ വികസന അതോറിറ്റി രൂപീകരിക്കണമെന്ന് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ സമാപിച്ച ഇന്റർനാഷണൽ ഫിഷറീസ് കോൺഗ്രസ് ആവശ്യപ്പെട്ടു. വേമ്പനാട്ട് കായൽ വികസന അതോറിറ്റി റഗുലേറ്റി അധികാരങ്ങൾ ഉള്ളതായിരിക്കണം. വേമ്പനാട്ട് കായലിന്റെ ജലസംഭരണ ശേഷി ഒരു നൂറ്റാണ്ടിനിടെ 85 ശതമാനത്തോളം കുറഞ്ഞിരിക്കുകയാണെന്നും കൃത്യമായ ഇടപെടൽ ഉണ്ടായില്ലെങ്കിൽ കായലിന്റെ മരണം ആസന്നമാണെന്നും കോൺഗ്രസ് വിലയിരുത്തി.ഫിഷറീസ് കൌൺസിൽ ഓഫ് ഇന്ത്യ രൂപീകരിക്കണമെന്നും ഫിഷറീസ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനായി ഫിഷറീസ് വിദ്യാഭ്യാസഗവേഷണ സ്ഥാപനങ്ങളെ നാഷണൽ ഫിഷറീസ് എഡ്യൂക്കേഷണൽ ഫ്രെയിം വർക്കിന്റെ കീഴിൽ കൊണ്ടുവരണമെന്നും ഫിഷറീസ് കോൺഗ്രസ്ന്റെ പ്ളീനറി സമ്മേളനം അംഗീരിച്ച പ്രമേയം നിർദ്ദേശിച്ചു. ഫിഷറീസ് മേഖലയിലെ ആധുനിക പ്രവണതകളെ കുറിച്ചും കടലിലെ മത്സ്യകൃഷി പോലുള്ള നൂതന കൃഷി രീതികളെ കുറിച്ചും നിലവിലുള്ള ഫിഷറീസ് അധ്യാപകർക്ക് പരിശീലനം നൽകണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു. നിർമ്മിത ബുദ്ധി ഉൾപ്പെടുയുള്ള സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ചുകൊണ്ട് ഫിഷറീസ് കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കണം.ഇന്ത്യയിലെ ഉൾനാടൻ മത്സ്യ സമ്പത്തിനെ കുറിച്ച് കൃത്യമായ വിവരശേഖരണം നടത്തണമെന്നും കാര ചെമ്മീൻ കൃഷി തിരിച്ചു കൊണ്ടുവരണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു. ഇതുൾപ്പടെയുള്ള കോൺഗ്രസിന്റെ നിർദ്ദേശങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും ഐക്യരാഷ്ട്ര സഭയുടെ ഫുഡ് ആന്റ് അഗ്രികൾച്ചറൽ ഓർഗനൈസേഷനും സമർപ്പിക്കും.പ്ളീനറി സമ്മേളത്തിൽ വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ അധ്യക്ഷ വഹിച്ചു. ഇന്ത്യൻ കാർഷിക ഗവേഷണ കൌൺസിൽ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.കെ.ഗോപകുമാർ, രജിസ്ട്രാർ ദിനേശ് കൈപ്പിള്ളി, കൺവീനർ ഡോ.ജിജോ ഇട്ടൂപ്പ് എന്നിവർ പ്രസംഗിച്ചു.

# സി.ടി. ജോൺ ഇൻഫർമേഷൻ ഓഫീസർ, നിജാസ് ജ്യുവൽ കണ്ണൂർ ഡിഡി





**കൊച്ചി:** എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസറായി പബ്ലിക് റിലേഷൻസ് വകുപ്പ് അസിസ്റ്റന്റ് എഡിറ്റർ സി.ടി. ജോൺ ചുമതലയേറ്റു. ജില്ലാ ഇൻഫർമേഷൻ ഓഫീസറായിരുന്ന നിജാസ് ജ്യുവൽ, പി.ആർ.ഡി കണ്ണൂർ മേഖലാ ഡപ്യൂട്ടി ഡയറക്ടറായി നിയമിതനായ ഒഴിവിലാണ് നിയമനം. കാസർകോട്, പത്തനംതിട്ട ജില്ലകളിലും അസി. ഇൻഫർമേഷൻ ഓഫീസർ, അസി. എഡിറ്റർ തസ്തികകളിൽ പ്രവർത്തിച്ചിട്ടുള്ള സി.ടി. ജോൺ കുമ്പളങ്ങി സ്വദേശിയാണ്.

# ബയോകംബോസ്റ്റർ ബിൻ വിതരണം



**കൊച്ചി:** ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി ഏലൂർ മുനിസിപ്പാലിറ്റിയിൽ ബയോകംബോസ്റ്റർ ബിൻ വിതരണോദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. നഗരസഭാ അങ്കണത്തിൽ നടന്ന ചടങ്ങിൽ ചെയർമാൻ എ.ഡി സുജിൽ അധ്യക്ഷത വഹിച്ചു.

നഗരസഭയിലെ 7000 വീടുകളിലാണ് ബിൻ വിതരണം ചെയ്യുന്നത്. 202324 വാർഷിക പദ്ധതി പ്രകാരം ശുചിത്വമിഷന്റെ ഡിപിആർ പ്രോജക്ടിൽ ഉൾപ്പെടുത്തി രു ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാംഘട്ടത്തിൽ 35 ലക്ഷം രൂപ ചെലവിൽ 2600 എണ്ണവും രാംഘട്ടത്തിൽ 85 ലക്ഷം രൂപ ചെലവിൽ 4400 എണ്ണവുമാണ് വിതരണം ചെയ്യുന്നത്.നഗരസഭയിൽ നേരത്തെ ര് ഘങ്ങട്ടകളിലായി 2600 ബിന്നുകൾ വിതരണം ചെയ്തിരുന്നു. എല്ലാ വീടുകളിലും ഉറവിടമാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിന് ഈ പദ്ധതി സഹായകരമാകും. വരും ദിവസങ്ങളിൽ ബിൻ വാർഡുകളിൽ വിതരണം ചെയ്യുമെന്ന് ചെയർമാൻ എ.ഡി സുജിൽ പറഞ്ഞു.ബയോ കമ്പോസ്റ്റ് ബിൻ വിതരണം ചെയ്യുന്ന സർക്കാർ ഏജൻസിയായ കൈക്കോ കമ്പനി ഹരിത കർമ്മ സേന അംഗങ്ങളെ ഉപയോഗിച്ച് ഫീഡ്ബാക്ക് പരിശോധിക്കുകയും പദ്ധതി നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

കൗൺസിലർമാരായ ടി.എം. ഷെനിൻ, വി.എ. ജെസ്സി, പി.എ.ഷെറീഫ്, നിസി സാബു, കെ.എ.മാഹിൻ, കെ.ആർ. കൃഷ്ണപ്രസാദ്, എസ്. ഷാജി, ക്ലിൻ സിറ്റി മാനേജർ എസ്.പി. ജെയിംസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ട്രാക്ടർ ഡ്രൈവർ പ്രായോഗിക പരീക്ഷ

**കൊച്ചി:** ആലപ്പുഴ ജില്ലയിൽ ഭൂജല വകുപ്പിൽ ട്രാക്ടർ ഡ്രൈവർ (കാറ്റഗറി നമ്പർ 395/2020 ) എറണാകുളം, മലപ്പുറം ജില്ലകളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ട്രാക്ടർ ഡ്രൈവർ (കാറ്റഗറി നമ്പർ 405/2020), കൊല്ലം ജില്ലയിൽ മൃഗ സംരക്ഷണ വകുപ്പിൽ ട്രാക്ടർ ഡ്രൈവർ (കാറ്റഗറി നമ്പർ 406/2020) എന്നീ തസ്തികകളിലേക്കുള്ള തെരെഞ്ഞെടുപ്പിനായുള്ള പൊതു പ്രായോഗിക പരീക്ഷ ജനുവരി 19 , 22, 23, 24 എന്നീ തീയതികളിൽ എറണാകുളം ജില്ലയിലെ കാർഷിക നഗര മൊത്ത വ്യാപാര വിപണി, മരട് നെട്ടൂർ പി.ഒ എന്ന കേന്ദ്രത്തിൽ നടത്തുന്നു.

## സ്ത്രീധന സമ്പ്രദായം:

# സാമൂഹിക അവബോധം ഉയർത്താൻ നടപടി ശക്തമാക്കണം:വനിതാ കമ്മിഷൻ



**കൊച്ചി:** സ്ത്രീധന സമ്പ്രദായത്തിനെതിരേ സാമൂഹിക അവബോധം ഉയർത്താൻ നടപടി ശക്തമാക്കണമെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. സ്ത്രീധന നിരോധന നിയമം 1961 സംബന്ധിച്ച് വനിതാ കമ്മിഷൻ എറണാകുളം മേഖലാ ഓഫീസിൽ സംഘടിപ്പിച്ച നിയമ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു വനിതാ കമ്മിഷൻ അധ്യക്ഷ.പതിറ്റാണ്ടുകളായി നിലനിൽക്കുന്ന നിയമം ഉണ്ടായിട്ടും ഇത് അനുശാസിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കാനാവാത്തത് പൊതുസമൂഹത്തിൽ നില നിൽക്കുന്ന സ്ത്രീ വിരുദ്ധ കാഴ്ചപ്പാടിന്റെ ഭാഗമായാണ്. വിദ്യാസമ്പന്നരായ പെൺകുട്ടികളുടെ ഉൾപ്പെടെയുള്ള ആത്മഹത്യാ പ്രവണതകളുടെയും വർധിച്ചു വരുന്ന സ്ത്രീധന പീഡനങ്ങളുടെയും കൊലപാതകങ്ങളുടെയും പശ്ചാതലത്തിൽ സമൂഹത്തെ ആകെ ജാഗ്രതപ്പെടുത്തുന്നതിനുള്ള നടപടികൾ ശക്തമാക്കേണ്ടതുണ്ട്. എല്ലാ ജില്ലകളിലും സ്ത്രീധന നിരോധന ഓഫീസർമാരെ നിയുക്തമാക്കിയിട്ടുള്ള സംസ്ഥാനം എന്ന നിലയിൽ താഴെതലം വരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സാധ്യമാവുന്നതാണ്. പുതിയ തലമുറ മാറി ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും കേരളീയ സമൂഹത്തിൽ സ്ത്രീധനത്തിന്റെ വ്യാപനം തടയാനോ, അതുമൂലമുണ്ടാകുന്ന ദുരന്തങ്ങൾ ഇല്ലാതാക്കാനോ കഴിയുന്നില്ല. പെൺകുട്ടികൾക്ക് അവരുടെ സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് തിരിച്ചറിവ് ഉണ്ടാകേണ്ടതുണ്ട്. വിലപേശി വിൽക്കേണ്ടവരല്ല പെൺകുട്ടികൾ എന്ന ധാരണ രക്ഷിതാക്കൾക്കും ഉണ്ടാകണം. സ്ത്രീകളുടെ സാമൂഹിക പദവി ഇടിച്ചു താഴ്ത്താൻ ഇടവരുത്തുന്ന ആചാരങ്ങളും വിശ്വാസ പ്രമാണങ്ങളും ഇല്ലായ്മ ചെയ്യാൻ കേരളീയ സമൂഹം മുന്നോട്ടു വന്നിട്ടുണ്ടെങ്കിലും ഉപഭോഗ സംസ്കാരത്തിന്റെ പിടിയിൽ അകപ്പെടുന്ന പ്രവണതകൾ അഭിലഷണീയമല്ല. വിവാഹം ഏതൊരു വ്യക്തിയുടെയും ജീവിതത്തിൽ കുടുംബ പ്രവേശനത്തിന് തുടക്കം കുറിക്കുന്നതാകുമ്പോൾ കൂട്ടുത്തരവാദിത്തത്തോടെ ജീവിതത്തെ സമീപിക്കണം. കുടുംബ ജീവിതം എങ്ങനെയായിരിക്കണമെന്ന് നിർണയിക്കുന്നതിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ ഉത്തരവാദിത്തമാണുള്ളത്. സ്ത്രീധന നിരോധന നിയമവുമായി ബന്ധപ്പെട്ട് കേരളത്തിൽ നിലവിലുള്ള ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള ശിപാർശകൾ സർക്കാരിനു നൽകുമെന്നും വനിതാ കമ്മിഷൻ അധ്യക്ഷ പറഞ്ഞു.യോഗത്തിൽ വനിതാ കമ്മിഷൻ അംഗം അഡ്വ. എലിസബത്ത് മാമ്മൻ മത്തായി അധ്യക്ഷത വഹിച്ചു. വനിതാ കമ്മിഷൻ അംഗങ്ങളായ അഡ്വ. ഇന്ദിരാ രവീന്ദ്രൻ, വി.ആർ. മഹിളാമണി, അഡ്വ. പി. കുഞ്ഞായിഷ, മെമ്പർ സെക്രട്ടറി സോണിയ വാഷിംഗ്ടൺ, ഡയറക്ടർ ഷാജി സുഗുണൻ, ലോ ഓഫീസർ പ്രീതി അർ നായർ, ഫിനാൻസ് ഓഫീസർ ലീജ ജോസഫ്, പ്രോജക്ട് ഓഫീസർ എൻ. ദിവ്യ, 14 ജില്ലകളിലെയും സ്ത്രീധന നിരോധന ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

## ദേശീയപാത 66 മൂത്തകുന്നം ഇടപ്പള്ളി:

# 2025 ഏപ്രിൽ 25നകം പൂർത്തിയാക്കും




**കൊച്ചി:** മൂത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള ദേശീയപാത 66ന്റെ നിർമാണം 2025 ഏപ്രിൽ 25നകം പൂർത്തിയാക്കുമെന്ന് വ്യവസായനിയമ കയർവകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. ദേശീയപാത നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.കേരളത്തിന്റെ വികസനത്തിൽ പ്രധാനപ്പെട്ട പദ്ധതിയാണ് ദേശീയപാത 66 നിർമാണം. ലഭ്യമായ ഭൂമി ഉപയോഗിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. പറവൂർ നഗരസഭയിലും വടക്കേക്കര, വരാപ്പുഴ, ചിറ്റാറ്റുകര, ആലങ്ങാട്, കോട്ടുവള്ളി, ചേരാനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കാൻ ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദേശം നൽകി. റോഡുകളിലെ കുഴികൾ ഒരാഴ്ചയ്ക്കകം അടച്ച് കളക്ടർക്ക് റിപ്പോർട്ട് നൽകണം. കുടിവെള്ള പ്രശ്നം പരിശോധിക്കാൻ കളക്ടറുടെ മേൽനോട്ടത്തിൽ ദേശീയപാത അതോറിറ്റി അധികൃതർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ, പഞ്ചായത്ത് അധികൃതർ എന്നിവർ പ്രശ്ന ബാധിത പ്രദേശങ്ങളിൽ പരിശോധന നടത്തി അടിയന്തരമായി പരിഹാരം കാണണമെന്നും മന്ത്രി പറഞ്ഞു.നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ ലൈറ്റുകൾ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കാൻ ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദേശം നൽകി. റോഡ് സേഫ്റ്റി അതോറിറ്റി ഇത്തരം കാര്യങ്ങൾ ഉറപ്പു വരുത്തണമെന്നും മന്ത്രി പറഞ്ഞു. പ്രാദേശിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി ദേശീയപാത അതോറിറ്റി പ്രൊജക്റ്റ് കോഓർഡിനേറ്റർ മധുസൂദനനെ മന്ത്രി ചുമതലപ്പെടുത്തി. അവലോകന യോഗത്തിൽ ഹൈബി ഈഡൻ എംപി, ടി.ജെ വിനോദ് എംഎൽഎ, കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ദേശീയപാത അതോറിറ്റി അധികൃതർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ’പെഡിക്കോൺ 24 ’: പ്രത്യേക മൊബൈൽ ആപ്പ് പുറത്തിറക്കി




ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി)ദേശിയ സമ്മേളനം ’പെഡിക്കോൺ2024 ’ മൊബൈൽ ആപ്പിന്റെ ലോഞ്ചിംഗ് കലൂർ ഐ.എം.എ ഹൗസിൽ നടന്നപ്പോൾ. ഡോ. രമേഷ്കുമാർ, ഡോ.ജുനൈദ് റഹ്മാൻ, ഡോ. എം. നാരായണൻ, ഡോ.വേണുഗോപാൽ, ഡോ.അബ്രാഹം.കെ. പോൾ, ഡോ.എസ്. സച്ചിദാനന്ദ കമ്മത്ത് എന്നിവർ സമീപം

**കൊച്ചി:** ഗതാഗതം മുതൽ സമ്മേളന വേദികൾ വരെ സമ്മേളനത്തിന്റെ മുഴുവൻ വിവരങ്ങളും പ്രതിനിധികൾക്ക് ഫോണിൽ ഒറ്റക്ലിക്കിൽ ലഭ്യമാകുന്ന പ്രത്യേക മൊബൈൽ ആപ്പുമായി ശിശുരോഗ വിദഗ്ദരുടെ ദേശീയ സംഘടനയായ ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി) കൊച്ചിൻ ചാപ്റ്റർ. ഈ മാസം 25 മുതൽ 28 വരെ കൊച്ചിയിൽ നടക്കുന്ന ഐ.എ.പി ദേശീയ സമ്മേളനമായ ’ പെഡിക്കോൺ 24 ’ ന്റെ ഭാഗമായിട്ടാണ് മൊബൈൽ ആപ്പ് രൂപ കൽപ്പന ചെയ്തിരിക്കുന്നത്. സമ്മേളനങ്ങളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ ഒരു മൊബൈൽ ആപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഗതാഗതം, വാഹന പാർക്കിംഗ് എന്നിവയുമായി ബന്ധപ്പെട്ട് സമ്മേളന പ്രതിനിധികൾക്കും നാട്ടുകാർക്കും യാതൊരുബുദ്ധിമുട്ടും നേരിടാതിരിക്കാനുള്ള സംവിധാനങ്ങളാണ് ഊബർ മാതൃകയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ആപ്പിന്റെ പ്രധാന പ്രത്യേകത. സമ്മേളന വേദികൾ, സമയക്രമം, വിഷയങ്ങൾ, ഫാക്കൽറ്റികൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ആപ്പിലെ വിവിധ ഓപ്ഷനുകളിലൂടെ പ്രതിനിധികൾക്ക് കൃത്യമായി ലഭിക്കും.ആപ്പിന്റെ ലോഞ്ചിംഗ് കലൂർ ഐ.എം.എ ഹൗസിൽ നടന്ന ചടങ്ങിൽ ഐ.എ.പി ദേശീയ പ്രസിഡന്റ് ഡോ.ജി.വി ബസവരാജ് നിർവ്വഹിച്ചു. ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ.എസ്. സച്ചിദാനന്ദ കമ്മത്ത് അധ്യക്ഷത വഹിച്ചു.ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി ഡോ.എം. നാരായണൻ, ട്രഷറർ ഡോ. ജുനൈദ് റഹ്മാൻ, ഐ.എ.പി മുൻ പ്രസിഡന്റ് ഡോ. രമേഷ് കുമാർ, സയന്റിഫിക്ക് കമ്മിറ്റി ചെയർമാൻ ഡോ. അബ്രാഹം കെ പോൾ, ഡോ.വേണുഗോപാൽ എന്നിവർ നേരിട്ടും ഐ.എ.പി ജനറൽ സെക്രട്ടറി ഡോ. യോഗേഷ് പാരിഖ്,സയന്റിഫിക്ക് കമ്മിറ്റി ദേശീയ ചെയർമാൻ ഡോ. സന്തോഷ് എന്നിവർ ഓൺലൈനായും ചടങ്ങിൽ പങ്കെടുത്തു.കൊച്ചിയുടെ നഗര ഗതാഗതത്തിനും പൊതുസമൂഹത്തിനും യാതൊരുവിധ ബുദ്ധിമുട്ടും നേരിടാതിരിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിൽ മൊബൈൽ ആപ്പ് തയ്യാറാക്കിയതെന്ന് ഐ.എ.പി ചെയർമാൻ ഡോ.എസ്. സച്ചിദാനന്ദ കമ്മത്ത്, സെക്രട്ടറി ഡോ എം. നാരായണൻ, ട്രഷറർ ഡോ.ജുനൈദ് റഹ്മാൻ എന്നിവർ പറഞ്ഞു.നാലു ദിവസങ്ങളിലായി കൊച്ചിയിൽ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഏഴായിരത്തിലധികം പ്രതിനിധികളും അവരുടെ കുടുംബാംഗങ്ങളും അടക്കം പതിനായിരത്തിലധിം പേരാണ് കൊച്ചിയിൽ എത്തുന്നത്.ആതിരപ്പള്ളി, മൂന്നാർ, ഇടുക്കി,ആലപ്പുഴ, കുട്ടനാട്, കുമരകം, തിരുവനന്തപുരം ഉൾപ്പെടെയുള്ള കേരളത്തിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങൾ, കായൽ കാഴ്ച്ചകൾ,പൈതൃകങ്ങൾ, പരമ്പരാഗതരീതിയിലുള്ള വിവിധ രീതികളിലുള്ള ഭക്ഷണം ഉൾപ്പെടെ ആസ്വദിക്കാനുള്ള അവസരം കൂടിയാണ് സമ്മേളനം ഒരുക്കി നൽകുന്നത്. ടൂറിസം മേഖലയ്ക്കൊപ്പം വിവിധ മാളുകൾ അടക്കമുള്ളവയ്ക്കും സാമ്പത്തികമായി വലിയ പ്രയോജനമായിരിക്കും സമ്മേളനത്തിന്റെ ഭാഗമായി ലഭിക്കുകയെന്നും ഇവർ പറഞ്ഞു.

# പുതിയ ജാവ 350 അവതരിപ്പിച്ചു

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് പുനർരൂപകൽപ്പന ചെയ്ത ജാവ 350 വിപണിയിൽ അവതരിപ്പിച്ചു. കാലാതീതമായ സൗന്ദര്യത്തിന്റെയും കരുത്തുറ്റ എഞ്ചിനീയറിങ്ങിന്റെയും മിശ്രിതമാണ് പുതിയ മോഡൽ. 2,14,950 രൂപയാണ് ഡൽഹി എക്സ്ഷോറൂം വില. ഇന്ത്യയിൽ നിലവിൽ ലഭ്യമായ ഏറ്റവും വേഗമേറിയതും, സുരക്ഷിതവും, മികച്ച ഹാൻഡ്ലിങ്, ബ്രേക്കിങ് സൗകര്യമുള്ളതുമായ ക്ലാസിക് മോട്ടോർസൈക്കിളാണ് പുതിയ ജാവ 350.മെറൂൺ, കറുപ്പ് എന്നിവക്കൊപ്പം പുതിയ മിസ്റ്റിക് ഓറഞ്ച് നിറത്തിലും പുതിയ ജാവ 350 ലഭ്യമാവും. പോളിഷ്ഡ് ക്രോം, ഗോൾഡൻ പിൻസ്ട്രിപ്പ്സ് എന്നിവയും പുതിയ ജാവ 350യുടെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു. നീളമേറിയ വീൽബേസിന് പുറമേ, ഈ വിഭാഗത്തിലെ ലീഡിങ് 178 എംഎം ഗ്രൗണ്ട് ക്ലിയറൻസ് മികച്ച റൈഡിങ് നിലവാരം ഉറപ്പാക്കും. കോണ്ടിനെന്റൽ ഡ്യുവൽചാനൽ എബിഎസിനൊപ്പം 280എംഎം ഫ്രണ്ട്, 240എംഎം റിയർ ഡിസ്ക് ബ്രേക്കുകളുള്ള ജാവ 350 ടോപ്പ്ടയർ ബ്രേക്കിങ് സിസ്റ്റമാണ് സജ്ജീകരിച്ചിരിക്കുന്നത്. ഈ സംവിധാനം സമാനതകളില്ലാത്ത സുരക്ഷയും കൃത്യമായ നിയന്ത്രണവും ഉറപ്പാക്കും.ശക്തമായ 334 സിസി ലിക്വിഡ്കൂൾഡ് എഞ്ചിനാണ് പുതിയ ജാവ 350യുടെ കരുത്ത്. ഇത് ലോഎൻഡ്, മിഡ് റേഞ്ച് പഞ്ച് ഉപയോഗിച്ച് അതിവേഗ ഓഫ്ലൈൻ ആക്സിലറേഷൻ നൽകാൻ സഹായിക്കും. 28.2എൻഎം ടോർക്കും, 22.5 പിഎസ് പവർ ഔട്ട്പുട്ടും നൽകുന്ന



നഗര റോഡുകൾക്കും, തുറന്ന റോഡുകൾക്കും അനുയോജ്യമാണ്. തടസമില്ലാത്ത റൈഡിങ് അനുഭവം നൽകുന്നതിന് അസിസ്റ്റ് ആൻഡ് സ്ലിപ്പ് (എ ആൻഡ് എസ്) ക്ലച്ചും ഘടിപ്പിച്ചിട്ടുണ്ട്. 790 മി.മീറ്ററാണ് സീറ്റിന്റെ ഉയരം. കർബ് വെയ്റ്റ് 194 കി.ഗ്രാമും, ഡ്രൈ വെയ്റ്റ് 184 കി.ഗ്രാമുമാണ്. ജാവ 350, ജാവ 42, ജാവ 42 ബോബർ, ജാവ പെരാക് എന്നിവ ഉൾപ്പെടുന്നതാണ് ജാവ പോർട്ട്ഫോളിയോ.മികച്ച നിലവാരം, ഐതിഹാസികമായ ചലനാത്മകതയും ഭംഗിയും, സങ്കീർണ്ണമല്ലാത്ത റൈഡിങ് അനുഭവം എന്നിവയിലൂടെ പുതിയ ജാവ 350 റൈഡർമാരെ സന്തോഷിപ്പിക്കുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ടെന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സിഇഒ ആശിഷ് സിംഗ് ജോഷി പറഞ്ഞു.

# സിസിബിഎ തീവ്രപരിശീലനം സംഘടിപ്പിച്ചു




കസ്റ്റംസ് ബ്രോക്കേഴ്സ് അസ്സോസിയേഷൻ(സിസിബിഎ)ന്റെ നേതൃത്വത്തിൽ വില്ലിംഗ്ടൺ ഐലന്റിലെ സിസിബിഎ ഹാളിൽ സംഘടിപ്പിച്ച തീവ്രപരിശീലന പരിപാടി കസ്റ്റംസ് കമ്മീഷണർ ഗുർഖരൻ സിംഗ് ബിയൻസ് ഐ.ആർ.എസ് ഉദ്ഘാടനം ചെയ്യുന്നു. വി.എസ് പ്രദീപ്,ഹരികുമാർ, സൂരജ് മുരളീധരൻ തുടങ്ങിയവർ സമീപം

**കൊച്ചി:** ’സിബിഎൽആർ 24’ പരീക്ഷ എഴുതുന്നതിന് കൊച്ചിൻ കസ്റ്റംസ് ബ്രോക്കേഴ്സ് അസ്സോസിയേഷൻ(സിസിബിഎ)യുടെ നേതൃത്വത്തിൽ 21 ദിവസത്തെ തീവ്രപരിശീലന പരിപാടി സംഘടിപ്പിച്ചു. വില്ലിംഗ്ടൺ ഐലന്റിലെ സിസിബിഎ ഹാളിൽ നടന്ന പരിശീലന പരിപാടി കസ്റ്റംസ് കമ്മീഷണർ ഗുർകരൺ സിംഗ് ബിയൻസ് ഐ.ആർ.എസ് ഉദ്ഘാടനം ചെയ്തു.. സി ബി എൽ ആർ പരീക്ഷ പാസ്സാകുന്നവർക്കു കസ്റ്റം ബ്രോക്കർ ആയി പ്രവർത്തിക്കാനുള്ള ലൈസൻസ് നൽകുന്നതാണ്. പരീക്ഷ പാസാകാനും ഈ മേഖലയിൽ മികച്ച പ്രകടനം നടത്തി സംരംഭകരെ കൂടുതൽ പ്രാപ്തരാക്കാനും പരിശീലനങ്ങൾ സഹായിക്കുമെന്ന് കമ്മീഷണർ ഗുർകരൺ സിംഗ് ബിയൻസ് ഐ.ആർ.എസ പറഞ്ഞു. സിസിബിഎ പ്രസിഡന്റ് സൂരജ് മുരളീധരൻ അധ്യക്ഷത വഹിച്ചു.എഫ്.എഫ്.എഫ്.എ.ഐ ചെയർമാൻ ദുഷ്യന്ത് മുലാനി, ജോർജ്ജ് സേവ്യർ, പ്രോഗ്രാം കൺവീനർ വി.എസ് പ്രദീപ്, സിസിബിഎ ജോയിന്റ് കൺവീനർ ഹരികുമാർ തുടങ്ങിയവർ സംസാരിച്ചു.

# ഗോദ്റെജ് പരിസ്ഥിതി അവാർഡ് സമ്മാനിച്ചു



**മുംബൈ:** സൊറാബ് പിറോജ്ഷ ഗോദ്റെജ് പരിസ്ഥിതി പുരസ്ക്കാരം ഡോ. അശോക് ഖോസ്ലയ്ക്ക് സമ്മാനിച്ചു.ആദ്യത്തെ സൊറാബ് പിറോജ്ഷാ ഗോദ്റെജ് പരിസ്ഥിതി പുരസ്ക്കാരം അശോക് ഖോസ്ലയ്ക്ക് നൽകുന്നതു പ്രഖ്യാപിക്കാൻ അതീവ സന്തോഷ മുണ്ടെന്ന് ഗോദ്റെജ് ഇൻഡസ്ട്രീസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ നദീർ ഗോദ്റെജ് പറഞ്ഞു. പരിസ്ഥിതി മേഖലയ്ക്കായുള്ള അദ്ദേഹത്തിന്റെ മികച്ച പ്രവർത്തനങ്ങൾ ദീർഘകാലം നീണ്ടു നിൽക്കുന്ന പ്രതിഫലനങ്ങളാവും സൃഷ്ടിക്കുക. ഈ അവാർഡിന്റെ യഥാർത്ഥ ലക്ഷ്യമാണ് ഇതിലൂടെ സാധ്യമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ വർഷത്തെ എസ് പി ഗോദ്റെജ് പരിസ്ഥിതി പുരസ്ക്കാരം സ്വീകരിക്കുന്നത് തനിക്കൊരു ബഹുമതിയാണെന്ന് ഡോ. അശോക് ഖോസ്ല പറഞ്ഞു.

നാഷണൽ ഇന്നൊവേഷൻ ഫൗണ്ടേഷൻ മുൻ ചെയർമാനും സിഎസ്ഐആർ മുൻ ഡയറക്ടർ ജനറലുമായ ഡോ. രഘുനാഥ് മാഷെൽകർ, മുംബൈ ഫസ്റ്റ് വൈസ് ചെയർമാൻ റോജർ സി ബി പെരേര തുടങ്ങിയവർ സംസാരിച്ചു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സഹകരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്കിൽ ആന്റ് നോളഡ്ജ് ഡവലപ്മെന്റ് സെന്റർ (എസ്.കെ.ഡി.സി) എസ്.എസ്.എൽ.സി/പ്ലസ് ടു യോഗ്യതയുള്ളവർക്ക് ആറ് മാസം ദൈർഘ്യമുള്ള ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിംഗ് അസിസ്റ്റന്റ്) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ 9496244701 നമ്പറിൽ ബന്ധപ്പെടുക.

# പാടങ്ങളിലെ ചെമ്മീൻ ഉൽപാദനം : ശാസ്ത്രീയ മാർഗ്ഗരേഖ നടപ്പിലാക്കണം

## കാര, നാരൻ, പുടൻ, തെള്ളി തുടങ്ങിയവയാണ് കൃഷിയിലെ മുഖ്യ ഇനങ്ങൾ

**കൊച്ചി :** പാടശേഖരങ്ങളിലെ ഉൽപാദനം ഉയർത്താൻ സുസ്ഥിര മാർഗ്ഗരേഖകൾ രൂപീകരിച്ച് നടപ്പിൽ വരുത്തണമെന്ന് സീഫുഡ് എക്സ് പോർട്ടേഴ്സ് അസോസിയേഷൻ, കേരള റീജിയൺ ആവശ്യപ്പെട്ടു. ചെമ്മീൻ കൃഷിയിലെ സുസ്ഥിര ഉത്പാദനത്തിന് മാതൃകയാണ് കേരളത്തിലെ പരമ്പരാഗത പൊക്കാളി/കൈപ്പാട് പാടശേഖരങ്ങൾ. കേരള സർവകലാശാലയുടെ അക്വാട്ടിക് ബയോളജി ആൻറ് ഫിഷറീസ് വകുപ്പിലെ ഒരു സംഘം വിദ്യാർത്ഥികൾ ഡോ. പ്രമോദ് കിരണിന്റെ നേതൃത്വത്തിൽ ഉത്പാദനക്ഷമത പുനരവലോകനം ചെയ്യുന്ന പഠനം കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ നടന്ന അന്താരാഷ്ട്ര ഫിഷറീസ് കോൺഗ്രസിൽ അവതരിപ്പിച്ചിരുന്നു.എറണാകുളം ജില്ലയിലെ 30 പരമ്പരാഗത ചെമ്മീൻ പാടങ്ങളിലാണ് പഠനം നടത്തിയത്. കാര, നാരൻ, പുടൻ, തെള്ളി തുടങ്ങിയവയാണ് കൃഷിയിലെ മുഖ്യ ഇനങ്ങൾ. വേലിയേറ്റ ഇറക്ക സമയത്തെ വെള്ളം കയറ്റി ഇറക്കലും, ചെമ്മീൻ മത്സ്യ വിത്തുകളുടെ നിക്ഷേപവും, അമാവാസി/പൗർണ്ണമി തക്കങ്ങളിലെ ചെമ്മീൻ വാറ്റുമാണ് കൃഷിയുടെ അടിസ്ഥാന രീതി. ഉത്പാദനക്ഷമത ഉയർത്താനായി കർഷകർ ഹാച്ചറിയിൽ വിരിയിച്ച ചെമ്മീൻ കുഞ്ഞുങ്ങളും, കായലിൽ നിന്ന് അരിച്ചെടുക്കുന്ന ചെമ്മീൻ വിത്തും പാടങ്ങളിൽ നിക്ഷേപിക്കുകയും, കൃത്രിമ തീറ്റ നൽകുകയും, ജലത്തിന്റെ ഗുണനിലവാരം നിലനിർത്താൻ വേണ്ട ഇടപെടലുകളിൽ ഏർപ്പെടുകയും, വിളവിന്റെ സംരക്ഷണത്തിനായി പൂർണ്ണ സമയ തൊഴിലാളികളെ നിയമിക്കുകയും ചെയ്തുവരുന്നു. ശരാശരി ഉത്പാദനം ഹെക്ടറിന് മൂന്നിരട്ടി വർദ്ധിച്ച് 2597 കിലോയിൽ എത്തി. എല്ലാ കൃഷിയിടങ്ങളിലെയും കൃഷിരീതി സമാനമല്ലാത്തതിനാൽ ഉത്പാദനത്തിൽ വലിയ വ്യതിയാനം നിലനിൽക്കുന്നതായി പഠനം കണ്ടെത്തി. വനാമി ചെമ്മീൻ കൃഷിയുടെ വരവോടെ ഇന്ത്യയുടെ ചെമ്മീൻ ഉത്പാദനം കുതിച്ചുയരുന്ന കാലമാണിത്. എന്നാൽ പരമ്പരാഗത കർഷകർ പിടിച്ചുനിൽക്കാൻ പാടുപെടുകയാണ്. ഫിഷറീസ് വകുപ്പും ഈ മേഖലയിലെ ഗവേഷകരും സംയുക്തമായി പരിശ്രമിച്ചാൽ പരമ്പരാഗത മേഖലയുടെ ഉത്പാദനം ഇനിയും ഏറെ ഉയർത്താൻ സാധിക്കും. ഇതുവഴി നഷ്ടം ഭയന്ന് കൃഷിയിൽ നിന്ന് പിൻവാങ്ങിയ കർഷകർക്കും തിരിച്ചു വരാനുള്ള അവസരമൊരുങ്ങുമെന്ന് അസോസിയേഷൻ പ്രതിനിധികൾ പറഞ്ഞു.

# മകരജ്യോതി ദർശിക്കാൻ ആയിരങ്ങൾ

**ശബരിമല:** പുല്ലുമേട്ടിൽമകരജ്യോതി ദർശനത്താൽ സായൂജ്യമടഞ്ഞ് ആയിരക്കണക്കിന് ഭക്തർ മലയിറങ്ങി. ദിവസം മുഴുവൻ നീണ്ട കാത്തിരിപ്പിനൊടുവിൽ വൈകിട്ട് 6.46 ഓടെയാണ് മകര ജ്യോതി തെളിഞ്ഞത്. ഇതരസംസ്ഥാനങ്ങളിൽ നിന്നടക്കം എത്തിയ ആയിരക്കണക്കിന് ഭക്തർ ശരണം വിളികളോടെ ജ്യോതിയെ വണങ്ങി. 6340 ഭക്തരാണ് ഇത്തവണ മകരജ്യോതി ദർശനത്തിന് പുല്ലുമേട്ടിലെത്തിയത്.സത്രം വഴി 2822 പേരും കോഴിക്കാനം വഴി 1289 പേരും എത്തി. ശബരിമലയിൽ നിന്നും 3870 പേരാണ് എത്തിയത്. ഇതിൽ 1641 പേര് മകരജ്യോതി ദർശനത്തിന് മുന്നേ മടങ്ങി.പുല്ലുമേട്ടിൽ എത്തിയ അയ്യപ്പൻമാർ മകരജ്യോതി ദിനത്തിലെ സായംസന്ധ്യയെ ശരണം വിളികളാൽ മുഖരിതമാക്കി. മകരജ്യോതി ദർശിച്ച ശേഷം ഏഴ് മണിയോടെയാണ് പുല്ലുമേട്ടിൽ നിന്നും ഭക്തരുടെ മടക്കം തുടങ്ങിയത്. ഭക്തരുടെ വലിയ തിരക്ക് പ്രതീക്ഷിച്ചിരുന്നതിനാൽ വിപുലമായ സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്. പുല്ലുമേട്, പാഞ്ചാലിമേട്, പരുന്തുംപാറ എന്നിവിടങ്ങളിലും പരമ്പരാഗത പാതകളിലും വിപുലമായ സൗകര്യങ്ങളാണ് സജ്ജീകരിച്ചത്. സുരക്ഷാ ഗതാഗത ക്രമീകരണങ്ങൾക്കായി 1400 പൊലീസ് ഉദ്യോഗസ്ഥരും 155 വനം വകുപ്പ് ഉദ്യോഗസ്ഥരും സേവന രംഗത്ത് ഉണ്ടായിരുന്നു.

# അസറ്റ് ഹോംസിന്റെ പാർപ്പിട പദ്ധതികൾ കോട്ടയത്ത് നിർമാണമാരംഭിച്ചു




**കോട്ടയം:** പ്രമുഖ ബിൽഡറായ അസറ്റ് ഹോംസിന്റെ 108ാമതും 109ാമതും പാർപ്പിട പദ്ധതികൾ കോട്ടയത്ത് നിർമാണമാരംഭിച്ചു. കാരിത്താസ് ജംഗ്ഷനിൽ നിർമാണമാരംഭിച്ച 2, 3 ബിഎച്ച്കെ ലക്ഷ്വറി അപ്പാർട്ട്മെന്റുകളുടെ അസറ്റ് വിഞ്ചെസ്റ്റർ, കഞ്ഞിക്കുഴിയിലെ 2, 3 ബിഎച്ച്കെ ലക്ഷ്വറി അപ്പാർട്ടുമെന്റുകളുടെ സെറിനിറ്റി എന്നിവയാണ് കോട്ടയത്തെ പുതിയ പദ്ധതികൾ. പത്തനംതിട്ട റിംഗ് റോഡിൽ നിർമാണം പൂർത്തിയായി വരുന്ന അസറ്റ് ഗേറ്റ് വേയിലെ മാതൃകാ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി., ജെവി പാർട്ണർ മല്ലേലിൽ ശ്രീധരൻ നായർ എന്നിവർ ചേർന്ന് നിർവഹിച്ചു. ഈ പദ്ധതി ഈ വർഷം നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറുമെന്ന് സുനിൽ കുമാർ പറഞ്ഞു.17 വർഷത്തിനിടെ 76 പദ്ധതികളാണ് അസറ്റ് ഹോംസ് നിർമാണം പൂർത്തിയാക്കയത്. 9 ജില്ലകളിൽ 33 പദ്ധതികൾ നിർമാണത്തിന്റെ വിവിധഘട്ടങ്ങളിലുണ്ട്. വിവരങ്ങൾക്ക് assethomes.in




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com